പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1622** — 04-10-2016 ൽ മറുപടിക്ക്

**മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടിയിലെ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കൊയിലാണ്ടിയിലെ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് അതിനെ കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനായി നവീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) 2006-2011 കാലയളവിൽ അന്നത്തെ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ തുടർച്ചയായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി ) 2006-2011 കാലയളവിൽ അന്നത്തെ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ തുടർച്ചയായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനിൽ എൽ ഇ ഡി ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും സ്ഥാപിച്ചു.<br>2. വിവിധ ശ്രേണിയിലുള്ള എൽ ഇ ഡി ലൈറ്റുകളുടെ (സ്ട്രീറ്റ് ലൈറ്റ്, ട്യൂബ് ലൈറ്റ്, ലാൻടേൺ ലൈറ്റ്) നിർമ്മാണപ്രവർത്തനങ്ങൾ യൂണിറ്റിൽ നടന്നുവരുന്നു.<br>3. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ ഹിയറിങ്ങ് എയ്ഡിന്റെ നിർമ്മാണവും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ